പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*131

04.12.2018-ൽ
മറുപടിയ്ക്ക്

## എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖല മെച്ചപ്പെടുത്താനുള്ള പദ്ധതികൾ

*ചോദ്യം*

ശ്രീ.കെ. രാജൻ
ശ്രീ. ജി.എസ്.ജയലാൽ
ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ
ശ്രീ. വി.ആർ. സുനിൽ കുമാർ

*ഉത്തരം*

ഡോ.കെ.ടി. ജലീൽ
ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. അടിസ്ഥാന വിഷയങ്ങളിൽ പ്രാവീണ്യം ഇല്ലാതെ എഞ്ചിനീയറിംഗ് പഠിക്കുന്ന വിദ്യാർത്ഥികൾ എഞ്ചിനീയറിംഗ് പഠനം പകുതി വഴിയിൽ ഉപേക്ഷിക്കുന്ന പ്രവണത ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. കൂടാതെ കോളേജുകളുടെ എണ്ണം അനിയന്ത്രിതമായി വർധിച്ചത് കാരണം അധ്യാപന പരിചയവും, ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും അധ്യാപന അഭിരുചിയും ഉള്ള അധ്യാപകരുടെ അഭാവം പഠന നിലവാരത്തെ ബാധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എഞ്ചിനീയറിംഗ് ബിരുദപഠനം സമഗ്രമായി പരിഷ്കരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ഉണ്ട്. എ. പി. ജെ. അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ സിലബസിലും പഠനരീതിയിലും കാലികമായ മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. AICTE യുടെ മോഡൽ കരിക്കുലം അനുസരിച്ച് അടുത്ത അദ്ധ്യയന വർഷം മുതൽ സിലബസ് പരിഷ്കരിക്കുവാൻ നടപടികൾ |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടുണ്ട്. അടുത്ത അദ്ധ്യയന വർഷം മുതൽ എഞ്ചിനീയറിംഗ് പാസാകാൻ കുറഞ്ഞ മാർക്ക് 40% ആക്കുന്ന കാര്യം പരിഗണനയിലാണ്.<br>ഗുണനിലവാരം മെച്ചപ്പെടുത്തുവാനായി എല്ലാ കോളേജുകളും accreditation ന് വിധേയമാകണം എന്ന് തീരുമാനിച്ചിട്ടുണ്ട്.<br>ലോക നിലവാരത്തിൽ ആദ്യ 200-ൽ വരുന്ന ശാസ്ത്രഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് ഗവേഷണങ്ങളും ഇന്റേൺഷിപ്പുകളും സ്റ്റുഡന്റ് എക്സ്ചേഞ്ച് പദ്ധതികളും നടത്താൻ ചട്ടങ്ങൾ സർവ്വകലാശാല ഉടൻ രൂപീകരിക്കും. വിദ്യാർത്ഥികൾക്ക് Skill അധിഷ്ഠിത പരിശീലനം നടത്തുന്നതിന് വിദേശ രാജ്യങ്ങളിലെ പോലെ 'Learn & Earn programme' നുള്ള സംവിധാനം കോളേജുകളിൽ ഒരുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | അക്കാദമിക് പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഉണ്ട്. വിവരങ്ങൾ അനുബന്ധം (1)-ൽ കാണാവുന്നതാണ്. |
| (ഡി) | അക്കാദമികേതര പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ; | (ഡി) | അക്കാദമികേതര പ്രവർത്തനങ്ങൾ എല്ലാ കോളേജുകളിലും നിലവിലുണ്ട്. എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല കെ.എസ്.സി.എസ്.ടി |

| | | | |
|---|---|---|---|
| | | | (Kerala State Council for Science and Technology)-യുടെ സഹായത്തോടു കൂടി 'ടെക്കോൺ' എന്ന പേരിൽ ടെക്ഫെസ്റ്റ് നടത്തി വരുന്നുണ്ട്. കൂടാതെ ഓരോ കോളേജിലും ഓരോ വർഷവും ടെക്നിക്കൽ ഫെസ്റ്റും കൾച്ചറൽ ഫെസ്റ്റും നടത്തി വരുന്നു. സ്പോർട്സിൽ മികവ് കാട്ടുന്ന വിദ്യാർത്ഥികൾക്ക് സർവകലാശാല ആക്ടിവിറ്റി പോയിന്റ്സ് നൽകുന്നുണ്ട്. |
| (ഇ) | എഞ്ചിനീയറിംഗ് പഠനകാലത്ത് സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | എ.പി.ജെ.അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ സംരംഭകത്വ പ്രോത്സാഹനത്തിനായി കേരള സ്റ്റാർട്ട് അപ്പ് മിഷനുമായും അസാപ്പുമായും സഹകരിച്ചുകൊണ്ട് പ്രത്യേക സ്റ്റാർട്ട് അപ്പ് നയം തന്നെ സാങ്കേതിക സർവ്വകലാശാല പുറത്തിറക്കിയിട്ടുണ്ട്. കോളേജുകളിൽ പാഠ്യപദ്ധതിയുടെ ഭാഗമായി തന്നെ വിദ്യാർഥികളുടെ ശേഷി വികസിപ്പിക്കുന്നതിനും തൊഴിൽ നേടുവാൻ പ്രാപ്തരാക്കുന്നതിനുമായി വിവിധ Soft skill development Programme ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ സർക്കാർ എഞ്ചിനീയിറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക്ക് കോളേജുകളിലും ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ |

| | | |
|---|---|---|
| | | പ്രവർത്തിക്കുന്നുണ്ട്. തിരഞ്ഞെടുത്ത 20 കോളേജുകളിൽ ഫാബ് ലാബ് സ്ഥാപിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് പഠന കാലത്തു സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് പൂർത്തിയാക്കാൻ ഒരു വർഷം വരെ സർവകലാശാല സാവകാശം നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ

(സി) അക്കാദമിക് പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

കരിക്കുലം പരിഷ്കരണം ഉൾപ്പെടെയുള്ള ഭരണപരമായ പ്രവർത്തനങ്ങളോടൊപ്പം വിദ്യാർത്ഥികളുടെ സംരംഭകത്വ പ്രവർത്തനങ്ങൾക്കും ശ്രദ്ധ നൽകുന്നുണ്ട്. സംസ്ഥാനത്തിന്റെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഇൻഡസ്ട്രി - ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെല്ലുകൾ, വിസിറ്റിങ് ഫാകൽറ്റി പ്രോഗ്രാമുകൾ എന്നിവയും നടത്തപ്പെടുന്നുണ്ട്. വിവിധ സ്ഥാപനങ്ങളിൽ ഉല്പാദന പരിശീലന കേന്ദ്രങ്ങൾ, റോബോട്ടിക്സ് ലാബുകൾ ഇവ. സ്ഥാപിച്ച് പ്രവർത്തിപ്പിച്ച് വരുന്നുണ്ട്.

ദേശീയ അന്തർദേശീയ തലങ്ങളിലെ മുൻനിര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോടും വ്യവസായ സംരംഭങ്ങളോടും സഹകരിച്ച് വിദ്യാർത്ഥികൾക്കായി ഹ്രസ്വകാല ഇൻറ്റേൺഷിപ്പ് സംഘടിപ്പിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ സംരംഭകത്വ പ്രവർത്തനങ്ങൾക്കുവേണ്ടി ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ വിവിധ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ അനുബന്ധ പ്രവർത്തനങ്ങൾ കേരള സ്റ്റാർട്ടപ് മിഷനുമായി സഹകരിച്ച് നടപ്പാക്കി വരുന്നു. സാമൂഹ്യവികസനത്തിൽ സംസ്ഥാനത്തെ സാങ്കേതിക വിദ്യാർത്ഥികളുടെ പങ്ക് ഉറപ്പാക്കാൻ NSS ടെക്നിക്കൽ സെല്ലിന്റെ ആഭിമുഖ്യത്തിൽ "പുനർജ്ജനി" പദ്ധതി നടപ്പാക്കി വരുന്നു. ഇതോടൊപ്പം വിദ്യാർത്ഥികളുടെ സമഗ്ര വ്യക്തിത്വ വികസനം ഉറപ്പ് വരുത്താൻ എല്ലാ ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മാനവവിഭവശേഷി സെല്ലുകൾ പ്രവർത്തിച്ചു വരുന്നു.

പഠന പ്രക്രിയയുടെ നിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്കാവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതോടൊപ്പം ഉയർന്ന യോഗ്യതകൾ നേടാനും ദേശീയ / അന്തർദേശീയ സെമിനാറുകളിലും വർക്ക്ഷോപ്പുകളിലും പങ്കെടുക്കാനും വേണ്ട സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

2018-19 -ൽ സംസ്ഥാനത്തെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും ഇന്റർഡിസിപ്ലിനറി ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിക്കാനുദ്ദേശിക്കുന്നു. അദ്ധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി സാമൂഹ്യപ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങളിലൂടെ പഠന പ്രക്രിയയുടെ നിലവാരമുയർത്താനും സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ അന്തർദേശീയ അംഗീകാരം നേടാനും ലക്ഷ്യമിടുന്നു. ഇതിന്റെ തുടക്കമെന്ന നിലയിൽ തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജ് "സ്റ്റുഡന്റ് സാറ്റലൈറ്റ്" രൂപകൽപ്പന ചെയ്ത് വിക്ഷേപിക്കാൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ തലത്തിൽ അക്രഡിറ്റേഷൻ നേടിയെടുക്കാനുള്ള പ്രവർത്തനങ്ങളിലും ശ്രദ്ധ നൽകുന്നുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഏകോപനത്തിനും പരിശീലനത്തിനുമായി അക്കാദമിക് സ്റ്റാഫ് കോളേജ്, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഇവ സ്ഥാപിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല, വിദ്യാർത്ഥികൾക്ക് സെമിനാർ. ടെക് ഫെസ്റ്റ്, ഇന്റേൺഷിപ്പ് മുതലായവയിലെ മികവിന്റെ അടിസ്ഥാനത്തിൽ ആക്ടിവിറ്റി പോയിന്റ്സ് നൽകുന്നുണ്ട്. പഠനത്തിൽ മികച്ച നിലവാരം പുലർത്തുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിന് ബി.ടെക് ഹോണേഴ്സ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. തൊഴിലധിഷ്ഠിതമായ കോഴ്സുകൾ കൂടുതലായി പഠിച്ച് അധിക യോഗ്യത നേടാനുള്ള അവസരവും നിലവിൽ സർവകലാശാലയിൽ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ